ഗവൺമെന്റ് കൈക്കൊള്ളണം. അതിനുള്ള തീയതി നിശ്ചയിച്ച് തീരുമാനം കൈക്കൊള്ളണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി യോട് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, പ്രീമിയർ ടയർ കമ്പനി 25.12.99-ലാണ് ലോക്കൗട്ട് ചെയ്തത്. 25.12.99-ലെ കത്ത് മുഖേന കമ്പനി സർക്കാരിനെയും ലേബർകമ്മിഷണ റെയും അറിയിക്കുകയുണ്ടായി. പ്രീമിയർ ടയേഴ്സ് പുനരുദ്ധാരണത്തിനായി അത്യാധുനിക സാങ്കേതിക മെഷീനറികളും ഉപകരണങ്ങളും കമ്പനിയിൽ സ്ഥാപിച്ചിരുന്നു. എന്നാൽ ആധുനിക സാങ്കേതിക വിദ്യയനുസരിച്ചുള്ള ഉൽപ്പാദന പ്രക്രിയയോട് തൊഴിലാളികൾ യോജിക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് ലോക്കൗട്ട് അനിവാര്യമായതെന്നാണ് മാനേജുമെന്റ് അറിയിച്ചിരിക്കുന്നത്. ഈ പ്രശ്നത്തിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മിഷണർ ഇടപെടുകയും ഡിസംബർ ജനുവരി മാസങ്ങളിൽ മൂന്നു തവണ അനുരഞ്ജന ചർച്ചകൾ നടത്തുകയും ചെയ്തു. പ്രശ്നം പരിഹരി ക്കപ്പെടാത്തതിനാൽ 15.2.2000-ൽ വീണ്ടും ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച നടത്തിയെങ്കിലും അന്തിമ തീരുമാനമുണ്ടായില്ല. ഇന്നലെയും മിനഞ്ഞാ ന്നുമായിട്ട് ആ ഫാക്ടറിയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി ഞാൻ ചർച്ച ചെയ്തു. മാനേജുമെന്റിനെ ഇന്ന് ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. ഈ ചർച്ച കഴിഞ്ഞതിനുശേഷം അടിയന്തിരമായി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടി പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(15) ചിറ്റൂർ, പാലക്കാട് താലൂക്കുകളിലെ നെൽക്കൃഷി നേരിടുന്ന വർശ്ച

ശ്രീ. കെ. അച്ചുതൻ : സർ, ഈ സബ്മിഷന് മുഖ്യമന്ത്രി മറുപടി പറ യുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. കാരണം, അന്തർ സംസ്ഥാന നദീജ ലത്തെക്കുറിച്ചുള്ള പ്രശ്നമാണ്. കേരളത്തിന്റെ നെല്ലറയാണ് ചിറ്റൂർ. തുലാ വർഷം ചതിച്ചതുകാരണം ചിറ്റൂർ താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങൾ ചിറ്റൂർ, തത്തമംഗലം, പട്ടഞ്ചേരി, പെരുമാടി, വടവന്നൂർ, നല്ലേപ്പള്ളി, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമായ എലപ്പുള്ളി പഞ്ചായ ത്തിൽ തേനാരി, നോംപിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ നെൽക്കൃഷി വ്യാപകമായി ഉണങ്ങിക്കൊണ്ടിരിക്കുകയാണ്. നമുക്ക് കരാറനുസരിച്ച് 7.25 ടി എം.സി. വെള്ളമാണ് ഒരു വർഷം ലഭിക്കുന്നത്. ഈ ഫെബ്രുവരി 29-ന് മുമ്പു തന്നെ കരാറനുസരിച്ചുള്ള വെള്ളം ലഭിക്കും. അങ്ങനെ വന്നുകഴിഞ്ഞാൽ മാർച്ച് 31 വരെ വെള്ളം കിട്ടിയില്ലെങ്കിൽ സുമാർ 12,000 ഹെക്ടർ ഭൂമി, എന്നു പറഞ്ഞാൽ 30,000 ത്തോളം ഏക്കർ ഭൂമിയിലെ കൃഷി നശിക്കാനുള്ള സാധ്യത യുണ്ടെന്നാണ് കൃഷി ഡിപ്പാർട്ടുമെന്റിന്റെ കണക്ക്. അതുകൊണ്ട് ഇത്രയും ഗൗരവമായ പ്രശ്നം തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് അടുത്ത വർഷ ത്തിൽ നമുക്ക് ലഭിക്കാനുള്ളത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അഡ്ജസ്റ്റ് ചെയ്ത് കൊടുക്കാം. അടുത്ത വർഷം ലഭിക്കേണ്ട ജലത്തിൽ നിന്ന് ഒന്നേകാൽ ടി.എം.സി. ജലമെങ്കിലും ലഭിച്ചാൽ മാത്രമേ ഇത്രയും സ്ഥലത്തെ കൃഷി രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകാർ പറയുന്നതെങ്കിലും ചുരുങ്ങിയത് ഒരു ടി.എം.സി. ജലമെ ങ്കിലും തമിഴ്നാട് ഗവൺമെന്റിൽ നിന്ന് അഡ്വാൻസ് വാങ്ങണം. അല്ലാതെ കൂടുതൽ വേണമെന്നുപറഞ്ഞാൽ പറ്റുകയില്ല. അടുത്ത വർഷം നമ്മൾ അഡ്ജസ്റ്റ് ചെയ്ത് തരാമെന്ന് പറഞ്ഞുകൊണ്ട് ഇപ്പോൾ വാങ്ങിച്ച് മാർച്ച് 31

LIBRARY ARCHIVES Kerala Legislative Assembly

-ന് മുമ്പ് മുഴുവൻ കൃഷിക്കും നമുക്കെടുക്കാൻ കഴിയണം. കാരണം തുലാ വർഷം ഒരു ദിവസം മാത്രമാണ് പെയ്തത്. എല്ലാ വർഷവും തുലാമാസം ഒരു മാസത്തോളം പെയ്യും. അത് ഇല്ലാത്തതുകാരണം നമുക്ക് ഒരു മാസം മുൻക്കൂട്ടി..... ആളുകൾ ഞാറ് പാകിയതിനുശേഷമാണ് തുലാവർഷമില്ലെന്ന് അറിയുന്നത്. ഇത്രയും ഗൗരവമായ പ്രശ്നം ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിക്കും ധനകാര്യവകുപ്പു മന്ത്രിക്കുമറിയാം. അവർക്കുവേണ്ടി കൂടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംകൂടി ഇടപെട്ട് തമിഴ്നാട് ഗവൺമെന്റുമായി അടിയന്തിരമായി ഇതിൽ ഇടപെട്ട് നമുക്ക് വെള്ളം കിട്ടാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : സർ, ചിറ്റൂർപ്പുഴ പദ്ധതിയുടെ നിയന്ത്രണത്തിൻ കീഴിലാണ് കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ മീങ്കര-ചുള്ളിയാർ പദ്ധതി. ഇതിന്റെ കീഴിൽ കതിർ വരാറായിട്ടുള്ള 5000 ഏക്കർ സ്ഥലം ഇന്ന് ഉണക്ക് ഭീഷണിയിലാണ്. ബഹുമാനപ്പെട്ട അച്ചുതൻ പറഞ്ഞതിന്റെ തുടർച്ചയാണിത്. മീങ്കര-ചുള്ളിയാർ പദ്ധതിയിൽ സംഭരണിയിലെ വെള്ളം ഫസ്റ്റ് പ്രയോറിറ്റി കുടിവെള്ളത്തിനും സെക്കന്റ് പ്രയോറിറ്റി കൃഷിക്കും തന്നെയാണ് കൊടുക്കേണ്ടത്. അതുസംബന്ധിച്ച് ഒരു വ്യക്തത ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രിയുണ്ടാക്കണം. ഈ ഭാഗത്ത് നട്ടിട്ടുള്ളത് മൂപ്പുകൂടിയ പൊൻമണി എന്ന വിത്താണ്. അതാണ് ആ മണ്ണിനും കാലാവസ്ഥക്കും അനുയോജ്യമായിട്ടുള്ളത്. അത് വിളവെടുക്കണമെങ്കിൽ ഏറെക്കുറെ മാർച്ച് 30 വരെ വെള്ളം വേണ്ടിവരും. അപ്പോൾ ഉള്ള വെള്ളം പൂർണ്ണമായി കൃഷിക്ക് വിട്ടുകൊടുക്കാനാവശ്യമായ നടപടിയുണ്ടാക്കുക, അതുകൊണ്ടും കൃഷി രക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ അന്തർ സംസ്ഥാന നദീജലം മീങ്കര ചുള്ളിയാർ ഉൾപ്പെടെയുള്ള പ്രദേശത്തിന് ലഭ്യമാക്കണം. നെൽക്കൃഷിയുടെ സ്ഥിതി ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. വലിയ നഷ്ടകഷ്ടത്തിലാണ്. കതിർ വരാറായ കൃഷികൂടി ഉണങ്ങാൻ ഇടയായാൽ അത് വൻ ദുരന്തത്തിലേയ്ക്ക് ഇടയാക്കും. അത് ഉണക്കാതെ രക്ഷിക്കേണ്ടതാവശ്യമാണ്. ഇതുസംബന്ധിച്ച് 3/2/2000-ത്തിന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിക്കും കൃഷിവകുപ്പുമന്ത്രിക്കും നിവേദനം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി കൃഷി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരും ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഈ സ്ഥലം പരിശോധിക്കുകയും ഇപ്പോഴുള്ള കൃഷി രക്ഷിക്കാൻ എത്ര വെള്ളം വേണ്ടിവരുമോ ആ വെള്ളം റിസർവോയറിലെ വെള്ളവും കൂടാതെ അന്തർ സംസ്ഥാന നദീജല കരാറനുസരിച്ച് ശ്രീ. അച്ചുതൻ നേരത്തേ പറഞ്ഞതുപോലെ അടുത്ത വർഷം ലഭിക്കേണ്ട വെള്ളം ലഭ്യമാക്കിയും രക്ഷിക്കാനുള്ള നടപടിയുണ്ടാകണം. സംഭരണികളിലെ ജല വിനിയോഗം കൃഷിക്കാണ് പ്രയോറിറ്റിയെന്നുള്ളത് വ്യക്തമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്. അതുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ കൃഷിയെ രക്ഷിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, രണ്ടുപേരുടെയും സബ്മിഷന് ഒറ്റ മറുപടിയാണ് പറയുന്നത്. പാലക്കാട് ജില്ലയിലെ പാലക്കാട് ചിറ്റൂർ താലൂക്കുകളിൽപ്പെട്ട ചിറ്റൂർപ്പുഴയിലെ ആയക്കട്ട് പ്രദേശങ്ങളിൽ ഇപ്പോൾ വരൾച്ച അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ചിറ്റൂർപ്പുഴ പദ്ധതിയുടെ ആയക്കെട്ട് പ്രദേശങ്ങളിലെ കർഷകർ ഏറ്റവും മൂപ്പുകൂടിയ 'പൊൻമണി' എന്ന വിത്ത് രണ്ടാം വിള

LIBRARY ARCHIVES Kerala Legislative Assembly

യായി ഉപയോഗിക്കുന്നതുകൊണ്ട് അവിടെ മാർച്ച് അവസാനംവരെ ജലസേചനം ആവശ്യമായി വരികയാണ്. രണ്ടാം വിളയ്ക്ക് മൂപ്പു കുറഞ്ഞ വിത്ത് ഉപയോഗിച്ചിരുന്ന അവസരങ്ങളിൽ ജനുവരി 31 വരെ മാത്രം ജലസേചനം നടത്തിയാൽ മതിയായിരുന്നു. മീങ്കര-ചുള്ളിയാർ പദ്ധതിയിൽ നിന്നും വെള്ളം തുറന്നുവിട്ട് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ കൃഷിക്ക് ഉപയോഗപ്പെടുത്താനുള്ള പ്രായോഗിക സംവിധാനം ഇപ്പോൾ നിലവിലില്ല. പറമ്പിക്കുളം-അലിയാർ പ്രോജക്ട് എഗ്രിമെന്റ് പ്രകാരം ഇപ്പോൾ ലഭിക്കേണ്ട 7250 മില്ല്യൻ ഘനയടി വെള്ളത്തിന്റെ ഭൂരിഭാഗവും ഇതിനകം ഉപയോഗിച്ചുകഴിഞ്ഞു. ബാക്കിയുള്ള വെള്ളം ജലസേചനത്തിന് തികയുകയുമില്ല. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് ചിറ്റൂർപ്പുഴ പദ്ധതിയുടെ ആയക്കെട്ട് പ്രദേശങ്ങളിൽ ഫെബ്രുവരി 29 വരെ മാത്രമേ ജലസേചനത്തിന് സാദ്ധ്യമാകുകയുള്ളൂവെന്ന് പ്രോജക്ട് അഡ്വൈസറി കമ്മിറ്റി പത്രങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിച്ചിരുന്നുവെങ്കിലും ചിറ്റൂർപ്പുഴ പദ്ധതിയുടെ ആയക്കെട്ടിൽപ്പെട്ട ചിലയിടങ്ങളിലെ കൃഷി ഇതിനകംതന്നെ ഉണക്ക് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. രണ്ടാം വിളയായി മൂപ്പു കുറഞ്ഞ വിത്തുകൾ ഉപയോഗിക്കണമെന്ന് പ്രോജക്ട് അഡ്വൈസറി കമ്മിറ്റി പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഈ കാര്യം ഇതുവരെ കൃഷിക്കാർ പരിഗണിച്ചിട്ടില്ല. എന്തായാലും സംഭവിച്ചത് സംഭവിച്ചു. ഇപ്പോൾ അതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം. പറമ്പിക്കുളം അലിയാർ പ്രോജക്ടിൽനിന്നും അടുത്ത വർഷത്തേക്കുള്ള വെള്ളത്തിന്റെ വിഹിതത്തിൽനിന്നും ആവശ്യമായ ജലം നിലവിലുള്ള കൃഷിയെ സംരക്ഷിക്കുവാൻ വേണ്ടി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കുന്നതാണ്. പൊതുവെ ഒരു കാര്യം സഭയെ അറിയിക്കാനാഗ്രഹിക്കുന്നു. ഡാമുകളൊക്കെ പണിതിട്ടുള്ളത് കൃഷി സൗകര്യത്തിനും കുടിവെള്ളം കൊടുക്കുന്നതിനുമാണ്. ഇപ്പോൾ പല ഡാമുകളിലും മത്സ്യകൃഷി ചെയ്തിട്ട് വലിയ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇപ്പോൾ പാലക്കാട് ഒരു പ്രശ്നമുണ്ടായി. പാലക്കാട് ഡാം തുറന്നുവിട്ടപ്പോൾ മത്സ്യകൃഷി നശിച്ചുവെന്ന് പറഞ്ഞ് ഒരു വലിയ പ്രക്ഷോഭണമായി. പക്ഷേ അന്ന് ആ വെള്ളം തുറന്നുവിട്ടില്ലായിരുന്നുവെങ്കിൽ ഏകദേശം ആയിരം ഹെക്ടർ സ്ഥലത്തെ കൃഷിനശിക്കുമായിരുന്നു. അതുകൊണ്ട് എനിക്ക് സഭയെ അറിയിക്കാനുള്ളത് യാതൊരു കാരണവശാലും ഡാമിന്റെ ആയക്കെട്ടിലെ ജലം കുടിവെള്ളത്തിനും കൃഷിക്കുമല്ലാതെ മത്സ്യ കൃഷിക്ക് അനുവദിക്കുന്നതല്ല. അനധികൃതമായി ആരെങ്കിലും കൃഷിചെയ്താൽ അതിന് ഗവൺമെന്റ് ഉത്തരവാദിത്വം വഹിക്കുകയില്ല.

(16) ആറ്റിപ്ര പഞ്ചായത്തിൽ ശ്രീചിത്തിര പട്ടികജാതി കോളനിയിൽകൂടി ഇലക്ട്രിക് ലൈൻ വലിക്കാനുള്ള നീക്കം

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര പഞ്ചായത്തിൽ കുളത്തൂർ ശ്രീചിത്തിര പട്ടികജാതി കോളനിയിൽ 300 -ലേറെ പട്ടികജാതി കുടുംബങ്ങൾ അഞ്ചും പത്തും സെന്റു ഭൂമികളിലായി തിങ്ങിപാർക്കുന്നുണ്ട്. പ്രസ്തുത കോളനിക്കു മുകളിലൂടെ 220 കെ.വി.ലൈൻ വലിച്ച് പുതുതായി ഇലക്ട്രിക്കൽ സബ്സ്റ്റേഷനിൽ വൈദ്യുതി എത്തിക്കുന്നതിനായി വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചുവരുന്നുവെന്നാണ് കോളനിനിവാസികളുടെ പരാതി. ലൈൻ അതുവഴി വലിച്ചാൽ അവരുടെ ജീവനും സ്വത്തിനും ഭീഷണിയായിരിക്കുമെന്ന് അവർ ബലമായി വിശ്വസിക്കുന്നു. 1116/2010.

LIBRARY ARCHIVES Kerala Legislative Assembly